# 1. വൈദ്യുത പ്രവാഹത്തിന്റെ ഫലങ്ങൾ

**ഊന്നൽ മേഖലകൾ**

- **വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജമാറ്റം**
- **വൈദ്യുത പ്രവാഹത്തിന്റെ താപഫലം.**
- **ജൂൾനിയമം**
- **പ്രതിരോധകങ്ങളുടെ ക്രമീകരണം - ശ്രേണീരീതി സമാന്തരരീതി - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ .**
- **വൈദ്യുത താപനോപകരണങ്ങൾ**
- **സുരക്ഷാ ഫ്യൂസ്**
- **വൈദ്യുതപവർ - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ**
- **വൈദ്യുത പ്രവാഹത്തിന്റെ പ്രകാശ ഫലം - ഫിലമെൻറ് ലാമ്പുകൾ**

## 1. വൈദ്യുത ഉപകരണങ്ങളിലെ ഊർജ്ജമാറ്റം

| ഉപകരണം | ഉപയോഗം | ഊർജ്ജമാറ്റം |
|---|---|---|
| വൈദ്യുത ബൾബ് | പ്രകാശം ലഭിക്കാൻ | വൈദ്യുതോർജം ⟶ പ്രകാശോർജം |
| ഇൻഡക്ഷൻ കുക്കർ | താപം ലഭിക്കാൻ | വൈദ്യുതോർജം ⟶ താപോർജം |
| സ്റ്റോറേജ് ബാറ്ററി (ചാർജ് ചെയ്യുമ്പോൾ) | താപം ലഭിക്കാൻ | വൈദ്യുതോർജം ⟶ രാസോർജം |
| ഗ്രൈൻഡർ | പോടിക്കാൻ | വൈദ്യുതോർജം ⟶യാന്ത്രികോർജം |
| ഫാൻ | താണുപ്പ് ലഭിക്കാൻ | വൈദ്യുതോർജം ⟶യാന്ത്രികോർജം |

## 2. വൈദ്യുതപ്രവാഹത്തിന്റെ താപഫലം

* ഏതൊരു ചാലകത്തിലൂടെയും വൈദ്യുതി കടന്നുപോകുമ്പോൾ അവിടെ താപം ഉത്പാദിപ്പിക്കപ്പെടുന്നു.



### ഒരു വോൾട്ട്

* ഒരു കൂളോം ചാർജ് ഒരു ബിന്ദുവിൽനിന്നും മറ്റൊരു ബിന്ദുവിലേക്കു ചലിപ്പിക്കാൻ ചെയ്യേണ്ട പ്രവർത്തി ഒരു ജൂൾ ആണെങ്കിൽ ആ ബിന്ധുക്കൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം ഒരു വോൾട്ട് ആയിരിക്കും.

### ജൂൾ ഹീറ്റിങ് (Joule Heating or Ohmic Heating)

* *സെർക്കീട്ടിലൂടെ വൈദ്യുതി പ്രവഹിക്കുമ്പോൾ താപോർജം രൂപപ്പെടുന്ന പ്രവർത്തനമാണ് ജൂൾ ഹീറ്റിങ് എന്ന് അറിയപ്പെടുന്നത്.*

* *വൈദ്യുതി കടന്നുപോകുന്ന ഒരു ചാലകത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന താപത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?*

1. *വൈദ്യുത പ്രവാഹതീവ്രത (കറന്റ്)(I)*
2. *ചാലകത്തിന്റെ പ്രതിരോധം (R)*
3. *വൈദ്യുതി പ്രവഹിക്കുന്ന സമയം (t)*

## 3. ജൂൾനിയമം

*വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലകത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന താപത്തിന്റെ അളവ് വൈദ്യുത പ്രവാഹതീവ്രതയുടെ വർഗ്ഗത്തിന്റെയും ചാലകത്തിന്റെ പ്രതിരോധത്തിന്റെയും വൈദ്യുതി പ്രവഹിക്കുന്ന സമയത്തിന്റെയും ഗുണനഫലത്തി ന് നേർഅനുപാതത്തിലായിരിക്കും.*

$$H \propto I^2 Rt \qquad \therefore H = I^2 Rt \text{ joule}$$

*I ആമ്പയർ യൂണിറ്റിലുള്ള വൈദ്യുതപ്രവാഹതീവ്രതയെയും R ഓം യൂണിറ്റിലുള്ള പ്രതിരോധത്തെയും t സെക്കൻഡ് യൂണിറ്റിലുള്ള സമയത്തെയും സൂചിപ്പിക്കുന്നു*

*$H = I^2Rt$*
*$H = VIt$*

*$H = (V^2/R)\, t$*

*H - Heat energy*
*R -Resistance*
*V -Potential difference*

*I - Current*
*t - Time*

## 4 . പ്രതിരോധകങ്ങളുടെ ക്രമീകരണം - ശ്രേണീരീതി സമാന്തരരീതി - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ

### 1. ശ്രേണീരീതി

*സർക്യൂട്ടിൽ പ്രതിരോധങ്ങളെ ഒന്നിനോടൊന്ന് തുടർച്ചയായി ബന്ധിപ്പിച്ച് സെർക്കീട്ട് ഒറ്റ പാതയിലൂടെ പൂർത്തിയാകുന്ന ഇതാണ് ശ്രേണീരീതി*




Fig:1.6

**സഫല പ്രതിരോധം , $R = R_1 + R_2$**

*ശ്രേണീരീതിയിൽ പ്രതിരോധങ്ങൾ ബന്ധിപ്പിക്കുമ്പോൾ സഫലപ്രതിരോധം പ്രതിരോധങ്ങളുടെ ആകെ തുകയായിരിക്കും*

Ex. 1 ( Fig.1.6 )

$R_1 = 3\ \Omega$

$R_2 = 6\ \Omega$

Effective resistance, $R = R_1 + R_2$

$R = 3\ \Omega + 6\ \Omega$

$R = 9\ \Omega$

**പ്രതിരോധകങ്ങൾ ശ്രേണീരീതിയിൽ ബന്ധിപ്പിക്കുമ്പോൾ**

* പൊട്ടൻഷ്യൽ വ്യത്യാസം (വോൾട്ടത) വ്യത്യസ്തം.

* ഓരോ പ്രതിരോധകത്തിലൂടെയുമുള്ള കറണ്ട് തുല്യമായിരിക്കും.

* സഫല പ്രതിരോധം കൂടുതലായിരിക്കും.

## 2. സമാന്തര രീതിയിൽ



fig1.7

സഫല പ്രതിരോധം $1/R = 1/R_1 + 1/R_2$

$$R = \frac{R_1 \times R_2}{R_1 + R_2}$$

**Ex. 2 ( Fig.1.7 )**

$$R_1 = 3\ \Omega$$

$$R_2 = 6\ \Omega$$

സഫല പ്രതിരോധം,

$$R = \frac{R_1 \times R_2}{R_1 + R_2}$$

$$R = \frac{3\ \Omega \times 6\ \Omega}{3\ \Omega + 6\ \Omega}$$

$$R = 2\ \Omega$$

**പ്രതിരോധകങ്ങൾ സമാന്തരമായി ബന്ധിപ്പിച്ചാൽ,**

* പൊട്ടൻഷ്യൽ വ്യത്യാസം (വോൾട്ടത) തുല്ല്യം.
* ഓരോ പ്രതിരോധകത്തിലൂടെയുമുള്ള കറണ്ട് വ്യത്യസ്തം.
* സഫല പ്രതിരോധം കുറവായിരിക്കും.

$r$ പ്രതിരോധമുള്ള n പ്രതിരോധകങ്ങളെ സമാന്തരരീതിയിൽ ഘടിപ്പിച്ചാൽ സഫലപ്രതിരോധം $R = \frac{r}{n}$ ആയിരിക്കും. n എന്നത് പ്രതിരോധകങ്ങളുടെ എണ്ണമാണ്. ഇവിടെ $r$ എന്നത് ഒരു പ്രതിരോധകത്തിന്റെ മൂല്യമാണ്.

## 5.വൈദ്യുത താപനോപകരണങ്ങൾ

• വൈദ്യുതോർജ്ജം താപോർജ്ജം ആക്കുന്ന ഭാഗം ഏത് പേരിൽ അറിയപ്പെടുന്നു .

-ഹീറ്റിങ് കോയിൽ

• ഏത് പദാർത്ഥമാണ് ഈ ഭാഗം നിർമ്മിക്കാൻ സാധാരണ ഉപയോഗിക്കുന്നത്?

- നിക്രോം (നിക്കൽ, ക്രോമിയം, ഇരുമ്പ് എന്നീ ലോഹങ്ങളുടെ ലോഹ സങ്കരമാണ് ന്ക്രോം)

• നിക്രോമിന്റെ സവിശേഷതകൾ എന്തെല്ലാം?

- ഉയർന്ന റെസിസ്റ്റിവിറ്റി

- ചുട്ടുപഴുത്ത അവസ്ഥയിൽ ഓക്സീകരിക്കപ്പെടാതെ ദീർഘനേരം നിലനിൽക്കാനുള്ള കഴിവ്.

- ഉയർന്ന ദ്രവണാങ്കം

## 6. സുരക്ഷാ ഫ്യൂസ്

വൈദ്യുതിയുടെ താപ ഫലത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു ഉപകരണമാണ് സുരക്ഷാ ഫ്യൂസ്.

* ഫ്യൂസ് വയർ ആയി ഉപയോഗിക്കുന്ന ലോഹം ഏത്?

- ടിന്നും ലെഡും ചേർന്ന ലോഹസങ്കരം ,

* ഫ്യൂസ് വയറിന്റെ സവിശേഷത എന്താണ്?

-താഴ്ന്ന ദ്രവണാങ്കം.

*ഫ്യൂസ് വയർ ഉരുകിപ്പോകാൻ ഇടയാകുന്ന അമിതമായ വൈദ്യുതി പ്രവാഹം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഏതെല്ലാം ആയിരിക്കും ?

-ഷോർട്ട് സെർക്കീട്ടും ഓവർ ലോഡിങ്ങും

* ഫ്യൂസ് വയർ സെർക്കീട്ടിൽ ഘടിപ്പിക്കുന്നത് ഏത് രീതിയിലാണ്?

-ശ്രേണിരീതിയിൽ.

## ഷോർട്ട് സെർക്കീട്ട്

ബാറ്ററിയിലെ പോസിറ്റീവ് ടെർമിനലും നെഗറ്റീവ് ടെർമിനലും തമ്മിലോ, മെയിൻ സിലെ രണ്ടു വയറുകൾ തമ്മിലോ പ്രതിരോധം ഇല്ലാതെ സമ്പർക്കത്തിൽ വരുന്നതിനാണ് ഷോർട്ട് സെർക്കീട്ട് എന്ന് പറയുന്നത്.

## ഓവർ ലോഡിങ്

ഒരു സർക്യൂട്ടിൽ താങ്ങാവുന്നതിലധികം പവർ ഉള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്നതാണ് ഓവർ ലോഡിങ്

## അമ്പയറേജ്

ഒരു ഉപകരണത്തിന്റെ പവറും അതിൽ നൽകുന്ന വോൾട്ടേജും തമ്മിലുള്ള അനുപാതമാണ് ആ ഉപകരണത്തിന്റെ അമ്പയറേജ്

അമ്പയറേജ്= വാട്ടേജ്/ വോൾട്ടേജ് = W / V

* വീട്ടുകളിലെ ഫ്യൂസ് വയർ സെക്കീട്ടിൽ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ എന്ന് എഴുതുക?

- ഫ്യൂസ് വയറിന്റെ അഗ്രങ്ങൾ യഥാസ്ഥാനങ്ങളിൽ ദൃഢമായി ഘടിപ്പിക്കണം.
- ഫ്യൂസ് വയർ കാരിയർ ബേസിൽ നിന്ന് പുറത്തേക്ക് തള്ളി നിൽക്കരുത്.

## 7. വൈദ്യുതപവർ - ഇവയുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ

* യൂണിറ്റ് സമയത്ത് ഒരു വൈദ്യുതോപകരണം വിനിയോഗിക്കുന്ന വൈദ്യുതോർജമാണ് വൈദ്യുതപവർ.

* പവറിന്റെ യൂണിറ്റ് വാട്ട്(watt) (W)

പവർ കണക്കാക്കുന്നത് $P = \frac{\text{പ്രവൃത്തി}}{\text{സമയം}} \left(\frac{W}{t}\right)$

$$P = VI$$

$$P = I^2R$$

$$P = V^2 / R$$

1. ഒരു സെക്കീട്ടിലെ ഒരു ഉപകരണം 540 W പവർ ഉപയോഗിക്കുന്നു. വോൾട്ടേജ് 230 V എങ്കിൽ അമ്പയറേജ് എത്ര എന്ന് കണക്കാക്കുക?

പവർ $P = 540\ W$

വോൾട്ടേജ് $V = 230\ V$

അമ്പയറേജ് = വാട്ടേജ്/ വോൾട്ടേജ് = $W / V$

അമ്പയറേജ് $= 540 / 230 = 2.34\ A \approx 2.4\ A$

2. 115 Ω പ്രതിരോധമുള്ള ഒരു താപന ഉപകരണത്തിലൂടെ 2 A വൈദ്യുതി പ്രവഹിക്കുന്നു എങ്കിൽ ഉപകരണത്തിന്റെപവർ എത്ര?

പ്രതിരോധം $R = 115\ \Omega$

കറന്റ് $I = 2\ A$

പവർ $P = I^2 R$

$= 2^2 \times 115 = 460\ W$

3. 230 V ൽ പ്രവർത്തിക്കുന്ന ഒരു വൈദ്യുത ബൾബിലൂടെ 0.4 A വൈദ്യുതി പ്രവഹിക്കുന്നു എങ്കിൽ ബൾബിന്റെ പവർ കണക്കാക്കുക?

വോൾട്ടേജ് $V = 230\ V$

കറന്റ് $I = 0.4\ A$

പവർ $P = VI$

$= 230 \times 0.4 = 92\ W$

## 8. വൈദ്യുത പ്രവാഹത്തിന്റെ  പ്രകാശ ഫലം - ഫിലമെൻറ് ലാമ്പുകൾ

### ഇൻകാൻഡസെന്റ് ലാമ്പിലെ പ്രധാന ഭാഗങ്ങൾ.

* ടങ്സ്റ്റൺ ഫിലമെന്റ്
* ഗ്ലാസ് കവചം
* ചെമ്പുകമ്പി
* ബൾബിനകത്ത് കുറഞ്ഞ മർദ്ദത്തിലുള്ള വാതകം

### ഇൻകാൻഡസെന്റ് ലാമ്പിന്റെ പ്രവർത്തനം.

* ടങ്സ്റ്റൺ ഫിലമെന്റിലൂടെ വൈദ്യുതി കടന്നുപോകുന്നു

↓

* ഫിലമെന്റ് ചുട്ട്പഴുക്കുന്നു

↓

* പ്രകാശം ഉണ്ടാകുന്നു

**1.ഫിലമെന്റായി ഉപയോഗിക്കുന്ന ലോഹം ഏത്?**

* ടങ്സ്റ്റൺ

**2.ഏതെല്ലാം പ്രത്യേകത ഉള്ളതുകൊണ്ടാണ് ടങ്സ്റ്റൺ ഫിലമെൻറ് ആയി ഉപയോഗിക്കുന്നത്?**

* ഉയർന്ന റെസിസ്റ്റിവിറ്റി
* ഉയർന്ന ദ്രവണാങ്കം
* നേർത്ത കമ്പികൾ ആക്കാൻ കഴിയുന്നു
* ചുട്ടുപഴുത്ത്  ധവള പ്രകാശം പുറപ്പെടുവിക്കാൻ ഉള്ള കഴിവ്

3.ബൾബിനുള്ളിൽ അലസവാതകം / നൈട്രജൻ നിറച്ചിരിക്കുന്നത് എന്തിനാണ്?

* ബാഷ്പീകരണം പരമാവധി കുറയ്ക്കാൻ ബൾബിൽ കുറഞ്ഞ മർദ്ദത്തിൽ അലസവാതകം നിറക്കുന്നു.

4. ബൾബിന്റെ ഉൾവശം വായു ശൂന്യമാക്കുന്നത് എന്തിനാണ്?

* ഫിലമെന്റിന്റെ ഓക്സീകരണം തടയാൻ.

5. ഇൻകാൻഡസെന്റ് ലാമ്പുകളിൽ ഫിലമെന്റായി നിക്രോം ഉപയോഗിക്കുന്നില്ല എന്തുകൊണ്ട്?

* നിക്രോം ചുട്ടുപഴുത്ത അവസ്ഥയിൽ നിൽക്കും പക്ഷേ പ്രകാശം പുറപ്പെടുവിക്കാൻ കഴിയില്ല.

5. ഇൻകാൻഡസെന്റ് ലാമ്പുകളുടെ പോരായ്മകൾ എന്തെല്ലാം?

* ഇൻകാൻഡസെന്റ് ലാമ്പുകളിൽ നൽകുന്ന വൈദ്യുതോർജത്തിന്റെ ഭൂരിഭാഗവും താപരൂപത്തിൽ നഷ്ടപ്പെടുത്തുന്നു. ഇതുമൂലം ഇവയുടെ ക്ഷമത കുറവാണ്.